DESPATCHED
On 2/7/21......

22/6/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP No. 69(1)/2020/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 1123/SIC-G4/2020)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി : 2021 ജൂൺ 22**

| | |
|---|---|
| ശ്രീ.കെ. അജിത്ത്കുമാർ,<br>സെക്രട്ടറി<br>കരിയാട് സർവ്വീസ് സഹകരണ ബാങ്ക്,<br>പി.ഒ.കരിയാട് സൗത്ത്, കണ്ണൂർ. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഹെഡ്മിസ്ട്രസ്,<br>അഴിയൂർ സെൻട്രൽ എൽ.പി. സ്കൂൾ,<br>കോറോത്ത് റോഡ്, വടകര,<br>കോഴിക്കോട്. | എതിർകക്ഷി |

## അന്തിമ ഉത്തരവ്

മേൽ പരാതി ഹർജിയിൽ 10/08/2020-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, എതിർകക്ഷി സമർപ്പിച്ച വിശദീകരണത്തിന്റെയും ടിയാളെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ കമ്മീഷൻ ഇക്കാര്യം പരിശോധിച്ചു. പരാതി ഹർജിക്കാരൻ 15.10.2019-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി യാതൊരു മറുപടിയും വിവരവും നൽകാതിരുന്നത് സംബന്ധിച്ച് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകുവാൻ പറ്റാതിരുന്നത് വിദ്യാലയത്തിലെ തിരക്കും, തന്റെ മറവിയുമാണെന്നാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ എതിർകക്ഷി (അഴിയൂർ സെൻട്രൽ എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ്) ശ്രീമതി കെ. പ്രീതയെ

ശിക്ഷിക്കുവാനും ശിക്ഷയായി 1000/- രൂപ (ആയിരം രൂപ മാത്രം) ടിയാളിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു.

2. ഈ ഉത്തരവ് കിട്ടി 30 ദിവസങ്ങൾക്കകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി കെ. പ്രീത 1000/- രൂപ (ആയിരം രൂപ മാത്രം) "0070-60-118-99 Receipts Under Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴസംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2021 ജൂൺ 22-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •